# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3270 | 10.12.2018-ന് മറുപടിയ്ക്ക് |
|---|---|

**വെള്ളാരപ്പിള്ളി തെക്കേ കോവിലകം ഏറ്റെടുക്കുവാനുള്ള ജില്ലാ കളക്ടറുടെ നടപടി**

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| ആലുവ താലൂക്കിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകം ആക്കി ഏറ്റെടുക്കുവാനുള്ള നടപടികൾ എറണാകുളം ജില്ലാ കളക്ടർ ഏത് ഘട്ടം വരെ പൂർത്തിയാക്കി എന്ന് അറിയിക്കാമോ ? | 19/01/2017-ലെ സ.ഉ (സാധാ) നം.19/2017/സി.എ.ഡി പ്രകാരം എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ കിഴക്കുംഭാഗം വില്ലേജിലെ ബ്ലോക്ക്-29 റീ സർവ്വേ 59-ലെ 5 ഏക്കർ 57 സെന്റ് സ്ഥലത്തിൽപ്പെട്ട വെള്ളാരപ്പിള്ളി തെക്കേ കോവിലകം, 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം (5 ഏക്കർ 57 സെന്റ്) അളന്ന് തിരിച്ച്, സംരക്ഷിത സ്മാരകമായി സംരക്ഷിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട കെട്ടിടങ്ങളും ചമയങ്ങളും ഉൾപ്പെടുന്ന ഭാഗം 0.7984 ഹെക്ടർ ആയും, സംരക്ഷിത സ്മാരകമായി സംരക്ഷിക്കപ്പെടുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള പുതിയ കെട്ടിടങ്ങൾ ഉൾപ്പെടുന്ന ഭാഗം 1.4356 ഹെക്ടർ ആയും പ്രത്യേകം വിസ്തീർണ്ണം രേഖപ്പെടുത്തി സ്കെച്ച് തയ്യാറാക്കി 14/11/2018-ലെ എറണാകുളം ജില്ലാ കളക്ടറുടെ DCEKM/11495/2018-L3 കത്ത് പ്രകാരം പുരാവസ്തു ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുരാവസ്തു വകുപ്പ് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ